**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ പദ്ധതി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്നംകുളം മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിൽ പ്രവൃത്തികൾ നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കുന്നംകുളം മണ്ഡലത്തിലെ വിനോദ സഞ്ചാര മേഖലയിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളാണ് നടന്നുവരുന്നത്:<br>1. കലശമലയിലെ ഇക്കോട്ടൂറിസം പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ.<br>2. കാക്കത്തുരുത്തിലെ കിളിപ്പാടം പക്ഷി നിരീക്ഷണ കേന്ദ്രം. |
| (ബി) | പ്രസ്തുത പദ്ധതി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താമോ; അറിയിക്കാമോ? | (ബി) | ***കലശമല ഇക്കോട്ടൂറിസം പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കൽ:***<br>**കലശലമയിലെ വിനോദ സഞ്ചാര വികസനത്തിനായി ഭൂമി ഏറ്റെടുക്കാനുള്ള ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ടിജൻസി ചാർജായി വിനോദ സഞ്ചാര വകുപ്പ് 50 ലക്ഷം രൂപ ഒടുക്കി. പദ്ധതിയുടെ സാമൂഹികാഘാത പഠനവും പുരോഗതിയിലാണ്. പരിഷ്കരിച്ച ലാൻഡ് പ്ലാൻ പ്രകാരം പുതുക്കിയ അർഥന, റവന്യൂ വകുപ്പിന്റെ ഉത്തരവ് എന്നിവ നേടിയെടുക്കാനുള്ള നടപടികൾ പുരോഗതിയിലാണ്.**<br>***കാക്കത്തുരുത്തിലെ കിളിപ്പാടം ബേഡ് വാച്ചിങ് സെന്റർ:***<br>**ഈ പദ്ധതി 20% പൂർത്തിയായി. ഗസിബോ, ജിയോ ടെക്സ്റ്റൈൽ വർക്ക്, ഇന്റർ ലോക്കിങ് ജോലികൾ തുടങ്ങിയവ പുരോഗതിയിലാണ്.** |

സെക്ഷൻ ഓഫീസർ